# MAMHS KORATTY
# 2018-19
# ഒരുമ



# നിലാവിനോട്



ഓടിവാ ഓടിവാ പൂനിലാവേ !
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ
പിഞ്ചുകൈ നീട്ടികുതുകത്തോടേ
കൊഞ്ചിവിളിക്കുന്നു പൈതൽ നിന്നെ
അമ്പിളിത്തേൻ വിട്ടിറങ്ങിവാ നീ
അക്കൊണ്ടൽ ആനമേൽ ഏറിവാ നീ
ഓടിവാ ഓടിവാ പൂനിലാവേ !
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ
പാരതിൽ വന്ന് കളിക്കും നേരം
പാലും പഴവും തരുന്നതുണ്ട്
പൂപ്പന്തലേറിക്കളിക്കുന്നേറരം
പൂന്തേനും പൂവും തരുന്നതുണ്ട്
വിണ്ണിൽനിന്നമ്പിളിക്കൊച്ചമാമ്മൻ
കണ്ണാടിയൊന്നു കൊടുത്തയയ്ക്കും
തുമ്പപ്പൂ കണ്ടിട്ടു തെല്ലുചൊല്ലും
തുവാലയിങ്ങു കൊടുത്തയയ്ക്കും
ഓടിവാ ഓടിവാ പൂനിലാവേ !
ഓമനകുഞ്ഞിന്റെ മുന്നിൽ വാ നീ

(അൽജീന ജോജി )
7 C

# ഒരുചിരി



പലരും ചിരിക്കുന്നത്
നാം കണ്ടിട്ടുണ്ട്
പലരും കരയുന്നതും
നാം കണ്ടിട്ടുണ്ട്

പക്ഷേ..
കരഞ്ഞുകൊണ്ട് ചിരിക്കുന്ന
എത്ര ആളുകളെ
നിങ്ങൾക്കറിയാം......

(ആകാശ് മുകേഷ്)

# പ്രളയ ദുരന്തം



കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത ഭയാനകമായ വൻ പ്രളയമാണ് 2018 August മാസം ഉണ്ടായത്. നിലയക്കാതെ പെയ്ത് ആ പെരു മാരിയിൽ മൂന്നൂറിലധികം ആളുകൾക്ക് അവരുടെ വീടുകളും നഷ്ടമായി . പലരും അനാഥരായി കേരളമൊട്ടാകെ ദുരിതാശ്വാസ ക്യാമ്പുകൾ രൂപപ്പെട്ടു. ആയിരക്കണക്കിന ആളുകളാണ് ഓരോ ക്യാമ്പുകളിലൈൽ അപയം പ്രാപിച്ചത്.

ജാതി മത ഭേതമന്യേ കേരളീയരെല്ലാവരും ക്യാമ്പുകളിൽ ഒത്തൊരുമിച്ച് താമസിച്ചു .

വെള്ളപ്പൊക്കത്തിലകപ്പെട്ട കോടികണക്കിന് ആളുകൾക്ക് രക്ഷയ്ക്കായി ഒരുപാട് കരുണ നിറഞ്ഞ കൈകളെത്തി

# പ്രമാണങ്ങൾ




വിദ്യതാൻ അഭ്യാസം
വിദ്യതാൻ സമ്പത്ത്
വിളുരമാം ഭാവിയിൽ
വിദ്യതാൻ ആധാരം

കലുഷമാം ലോകത്തിൽ
കലഹിക്കും മർത്യർതൻ
കുലമഹിമയെന്നും
കാലഹത്യ കരങ്ങളിൽ

മർത്യനർതഥമാം
വിദ്യതാൻ പ്രമാണം
ബുദ്ധിയിൽ ബന്ധിതം
ഭൗദ്ധിക ലോകങ്ങൾ

# വിധി




വിധിയോട് മല്ലിടാൻ
എനിക്ക് ആഗ്രഹമില്ല
വിധിയെ പഴിക്കാനും
എനിക്ക് ആഗ്രഹം ഇല്ല...
കാരണം നമ്മുടെ
സന്തോഷങ്ങൾ
കണ്ടുപിടിക്കേണ്ടത്
നമ്മൾ തന്നെയാണ്....
ജന്മം തന്ന ജീവനു വേണ്ടിയോ
ജന്മം എടുത്ത ജീവനു വേണ്ടിയോ
അറിയില്ല...
ആർക്കെല്ലാമാണ്
നാം നമ്മുടെ സന്തോഷം
പകരം കൊടുത്ത് അവസാനി-
പ്പിക്കേണ്ടതെന്നും അറിയില...

**(അലൻ ഐവൻ)**

# എൻ നിലാവേ........

നിലാവിൻ തുണ്ടുകൾ പെറുക്കി-
യെടുത്ത് ഞാൻ തീർത്ത്
സ്വപ്നമാളിക കാല്യത്തിൽ
ശലഭങ്ങളായി വാനിൽ
ഉയരുന്നുവോ
താരകങ്ങൾതൻ നടുവിൽ
നിൽക്കു നീ താരറാണിയോ
ആരാണ് നീ മാലാഖയോ
അതോ പൂത്തുമ്പിയോ



രാത്രിതൻ യാമങ്ങളിൽ

കാത്തിപ്പൂ ഞാൻ നിന്നെ....

**Ameer**

## <u>മാറുന്ന ലോകവും വായനയും</u>




പുസ്തകങ്ങൾ അറിവിൻ നിറകുടങ്ങ
ളാണ്.വായനയുടെ ലോകം
വളരെയധികം പ്രത്യേകതയേറി
യതുമാണ്.മലയാളികൾ അത്ര നല്ല


വായനശീലമുള്ളവരായിരുന്നില്ല.അതുകൊണ്ടു തന്നെ അവരുടെ അറിവ് വളരെ പരിമിതമായിരുന്നു.സാമൂഹ്യതകർച്ച നേരിടുന്ന കേരളീയ സമൂഹത്തെ ഉദ്ധരിക്കാൻ മുന്നിട്ടിറങ്ങിയ വ്യക്തിയാണ് ശ്രീ.പി.എൻ. പണിക്കർ. മലയാളി സമൂഹത്തിന് വായനയുടെ ലോകത്തേക്കുള്ള വാതായനം തുറന്നിട്ട് സാധു ജന ധർമ്മ വായനശാല സ്ഥാപിച്ച അദ്ദേഹമാണ് അക്ഷരങ്ങളെ മലയാളിക്ക് പരിചിതമാക്കിയത്. സമൂഹത്തിലെ നാനാവിഭാഗത്തിൽപ്പെട്ട ജനങ്ങളെ വായനയുടെ പാതയിലൂടെ നയിക്കാൻ അദ്ദേഹത്തിനു സാധിച്ചു.മലയാളിയെ വായനയുടെ പുത്തൻ ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയ ആ മഹത് വ്യക്തിത്ത്വത്തിന്റെ ചരമദിനം വായനദിനമായി [ജൂൺ 19] ആചരിക്കുന്ന നമ്മൾ അപ്പോഴും വായനയുടെ മൂല്യത്തേയും, അനന്തരസാധ്യതകളും തിരിച്ചറിയുന്നില്ല. വായനയുടെ പ്രാധാന്യത്തെ ക്കുറിച്ച് വാചാലമായി സംസാരിക്കുന്ന നമ്മൾ അത് സ്വയം ഉൾക്കൊ ള്ളാൻ തയ്യാറാകുന്നില്ല  എന്നതാണ് യാഥാർത്യം .

**Meenakshi V.M.**

# ആശ്വാസവാഹിനി

താരകക്കൂട്ടങ്ങളെ കാൺകയാൽ

വിസ്മയിച്ചു നിന്നുപോയി...



മെല്ലെ തിങ്കൾക്കതിർ

അണഞ്ഞെന്നെ തലോടി

തൻ ള്ളവെള്ളകൈകളിലെന്നെ

ത്താങ്ങി അവൾ മന്ദം പറന്നുയർന്നു



# നന്ദി